LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

ഇറാഖ്, ലിബിയ എന്നീ രാജ്യങ്ങളിലുണ്ടായ ആഭ്യന്തര കലാപത്തെ തുടർന്ന് തൊഴിൽ നഷ്ടപ്പെട്ട് നാട്ടിൽ തിരികെയെത്തിയ മലയാളി നഴ്സുമാരുടെ പുനരധിവാസവും വിദ്യാഭ്യാസ വായ്പ കുടിശ്ശിക എഴുതിത്തള്ളണമെന്നുള്ള ആവശ്യവും ബാങ്കുകളുടെ യോഗത്തിൽ (State Level Banker's Committee) ഉന്നയിച്ചതിന്റെ അടിസ്ഥാനത്തിൽ ലീഡ് ബാങ്കായ കാനറാ ബാങ്ക് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി (OTS)-ക്ക് രൂപം കൊടുത്തിട്ടുണ്ട്. ഇതനുസരിച്ച് ഈ വിഭാഗത്തിലുള്ളവർക്ക് പലിശ പൂർണ്ണമായും ഒഴിവാക്കിയിട്ടുണ്ട്. 4 ലക്ഷം രൂപ വരെ കാനറാ ബാങ്കിൽനിന്നും വായ്പ എടുത്തവർക്കാണ് ഈ ആനുകൂല്യം ലഭ്യമാകുന്നത്. സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് കമ്മിറ്റി കൺവീനർ എന്ന നിലയിൽ കാനറാ ബാങ്ക് മറ്റ് ബാങ്കുകളോടും ഇത്തരത്തിൽ തീരുമാനം കൈക്കൊള്ളണമെന്ന് അഭ്യർത്ഥിച്ചിട്ടുണ്ട്.

നോർക്ക ഡിപ്പാർട്ടുമെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രൻസ്

74 (3358) ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നോർക്ക ഡിപ്പാർട്ടുമെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രൻസ് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; വിശദമാക്കുമോ ;

(ബി) എന്തെല്ലാം സവിശേഷതകളാണ് പ്രസ്തുത പദ്ധതിക്കുള്ളത് ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(സി) ഇതിന്റെ അർഹതാ മാനദണ്ഡം വിശദമാക്കുമോ ?

ഉത്തരം

(എ&ബി) തിരികെയെത്തിയ പ്രവാസി മലയാളികളുടെ പുനരധിവാസ പദ്ധതിയുടെ ഭാഗമായി സ്വയംതൊഴിൽ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുക എന്നതാണ് ഈ പദ്ധതിയുടെ ഉദ്ദേശലക്ഷ്യം. പരമാവധി 20 ലക്ഷം രൂപവരെ മൂലധന ചെലവ് പ്രതീക്ഷിക്കുന്ന തൊഴിൽ സംരംഭങ്ങൾക്ക് 15% മൂലധന

സബ്സിഡിയും ആദ്യത്തെ നാല് വർഷം 3% പലിശ സബ്സിഡിയും അനുവദിക്കുന്നതാണ് പദ്ധതി. സംസ്ഥാനത്ത് നിലവിലുള്ള സ്വയംസംരംഭക മേഖലയിലെ അവസരങ്ങൾ പരമാവധി പ്രയോജനപ്പെടുത്തി കാർഷികം, ചെറുകിട വ്യാപാരം, ചെറുകിട വ്യവസായം, സേവനം, ഉത്പാദനം തുടങ്ങിയ മേഖലകളിൽ സംരംഭങ്ങൾ ആരംഭിക്കുവാൻ സഹായം ലഭിക്കുമെന്നതാണ് പദ്ധതിയുടെ സവിശേഷത.

(സി) രണ്ട് വർഷമെങ്കിലും വിദേശത്ത് ജോലി ചെയ്തശേഷം നാട്ടിൽ മടങ്ങിയെത്തിയ പ്രവാസികൾ, ഇത്തരം പ്രവാസികൾ ചേർന്ന് രൂപീകരിച്ച കമ്പനി, ട്രസ്റ്റ്, സൊസൈറ്റി തുടങ്ങിയവയാണ് പദ്ധതിയുടെ ആനുകൂല്യത്തിന് അർഹർ.

നിതാഖത്ത് നിയമംമൂലം സൗദി അറേബ്യയിൽനിന്നും തിരിച്ചെത്തിയവരുടെ പുനരധിവാസം

75 (3359) <u>ശ്രീ. പി. ഉബൈദുള്ള</u> : താഴെകാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിതാഖത്ത് നിയമം കർശനമാക്കിയതിനെത്തുടർന്ന് സൗദി അറേബ്യയിൽനിന്നും ജോലി നഷ്ടപ്പെട്ട് തിരിച്ചെത്തിയവരുടെ പുനരധിവാസം ലക്ഷ്യമിട്ട് നോർക്ക-റൂട്ട്സ് വഴി ആരംഭിച്ച സ്വയം തൊഴിൽ സംരംഭകത്വ വായ്പാ പദ്ധതി പ്രകാരം എത്ര അപേക്ഷകളാണ് ലഭിച്ചത് ;

(ബി) പ്രസ്തുത അപേക്ഷകളിൽ എന്തെല്ലാം തുടർ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ ;

(സി) ബാങ്കുകൾക്ക് ഇതു സംബന്ധിച്ച് എന്തെങ്കിലും നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ?

<u>ഉത്തരം</u>

(എ) 19690 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. കൂടാതെ നോർക്ക റൂട്ട്സ് ഏർപ്പെടുത്തിയ രജിസ്ട്രേഷൻ സംവിധാനത്തിലൂടെ സ്വദേശിവത്ക്കരണത്തിന്റെ ഭാഗമായി ജോലി നഷ്ടപ്പെട്ട് സൗദി അറേബ്യയിൽനിന്നും തിരികെയെത്തിയ 22634 പേർ നോർക്ക റൂട്ട്സിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇവരിൽ 6000 പേർ സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുവാൻ സന്നദ്ധത പ്രകടിപ്പിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly